(ജി) ഇനിയും കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ എൻ.സി./പി.സി. പദ്ധതിയിൽപ്പെടുത്തി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

നെടുമങ്ങാട് വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ സ്ഥാപിക്കുന്നതിന് നടപടി

72 (297) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികളെ കുറിച്ച് 2-11-2000-ലെ അവലോകന യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ തീരുമാനങ്ങളിൽ ഇതുവരെ ഏതെല്ലാം നടപ്പിലാക്കിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(സി) പൊൻമുടി വരെ വ്യാപിച്ചു കിടക്കുന്ന നെടുമങ്ങാട് വാട്ടർ സബ്ഡിവിഷന്റെ അധികാരപരിധി കണക്കിലെടുത്ത് നെടുമങ്ങാട് വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ സ്ഥാപിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികളെക്കുറിച്ചുള്ള അവലോകന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

1. അരുവിക്കര പഞ്ചായത്തിലെ ഇറക്കർകോട് ഭാഗങ്ങളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി ചെക്കുഡാമിന്റെ പണി മൂലം കമ്മീഷൻ ചെയ്യാൻ സാധിക്കാത്തതിനാൽ ഇറിഗേഷൻ വകുപ്പിൽ നിന്നും തുക ഉടനെ അടയ്ക്കാൻ ആവശ്യപ്പെടാം എന്നും ഇന്റർ കണക്ഷൻ ജോലികൾ തീർത്ത് ശുദ്ധജലം ലഭ്യമാക്കണമെന്നും തീരുമാനിച്ചു.

2. കരകുളം ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണശാല അടക്കമുള്ള വിപുലീകരണ പദ്ധതിയുടെ ആവശ്യമായ ഫണ്ട് എൽ. ഐ. സി./ഹഡ്കോ യിൽ ഉൾപ്പെടുത്തുന്നതിന് പരിശോധിക്കാൻ തീരുമാനിച്ചു.

3. പുതുതായി സർവേ നടക്കുന്ന ആനാട് ശുദ്ധജലവിതരണ പദ്ധതിയുടെ റിപ്പോർട്ട് ഉടനെ തയ്യാറാക്കുന്നതിനും അതിന് വേണ്ടിയുള്ള ഫണ്ടിനെക്കുറിച്ച് പരിശോധിക്കുവാനും തീരുമാനിച്ചു.

4. അറവക്കുന്ന്, തണ്ണിപ്പാറ ഭാഗത്തേയ്ക്കുള്ള പൈപ്പുലൈൻ പണി ഉടനെ ആരംഭിക്കുന്നതിനും വെള്ളനാട് പദ്ധതിയിൽ പുതിയ പമ്പ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. അരുവിക്കര പഞ്ചായത്തിൽ ഇറയൻകോട് ഭാഗത്തേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതികളിലെ ഇന്റർ കണക്ഷൻ പണികൾക്കുവേണ്ടി ദർഘാസ് ഉറപ്പിച്ചു. പണി ഉടൻതന്നെ ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

2. കരകുളം ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണ പദ്ധതിയുടെ റിപ്പോർട്ട് എൽ.ഐ.സി.യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

3. ആനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസൈൻ രൂപരേഖ തയ്യാറാക്കി വരുന്നു.

4. അറവലക്കുന്ന് ഭാഗത്തേക്കുള്ള പദ്ധതിയുടെ പൈപ്പ് ലൈൻ പണി നടന്നുവരുന്നു.

5. വെള്ളനാട് പമ്പ് ഹൗസിൽ പുതിയ പമ്പ് സ്ഥാപിച്ചു.

(സി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പന്തളം നൂറനാട് വാട്ടർ സപ്ലൈ സ്കീമുകൾ

73 (298) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ പന്തളം നൂറനാട് വാട്ടർ സപ്ലൈ സ്കീമുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ തീയതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കുന്നതിലേയ്ക്ക് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ രണ്ട് വാട്ടർ സപ്ലൈ സ്കീമുകളും പ്രാവർത്തികമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

1. പന്തളം സ്കീമിന് 25-3-1995-ൽ ഭരണാനുമതി നൽകി.

2. നൂറനാട് എ. ആർ. ഡബ്ല്യൂ. എസ്. എസ്. ചുനക്കര, നൂറനാട് പാലമേൽ ഫേസ് 1 ന് 23-3-1998-ലും ഫേസ് 2 (എ. ആർ. ഡബ്ല്യൂ. എസ്. എസ്) പാലമേൽ വില്ലേജിന് 16-2-1999-ലും ഭരണാനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly